# Desabhimani

## 31 August 2018

## Thiruvananthapuram, After Flood, Goverment Assistance

# സർക്കാർ സഹായം വേഗത്തിൽ: മുഖ്യമന്ത്രി

**തിരുവനന്തപുരം**

ദുരിതബാധിതർക്കുള്ള സർക്കാർ സഹായം സമയബന്ധിതമായി നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അർഹരായ എല്ലാ ആളുകൾക്കും ഇത് കാലതാമസം ഇല്ലാതെ ലഭ്യമാക്കും.

**3.61 ലക്ഷം കിറ്റുകളിൽ 2.36 ലക്ഷം വിതരണം ചെയ്തു**

ഒരാളെപ്പോലും ഒഴിവാക്കില്ല.

22 അവശ്യവസ്തുക്കളടങ്ങുന്ന കിറ്റുകളുടെ വിതരണം മൂന്നുദിവസത്തിനകം പൂർത്തിയാക്കും. 3.61 ലക്ഷം കിറ്റുകളിൽ 2.36 ലക്ഷവും വിതരണംചെയ്തു. 10,000 രൂപയുടെ ധനസഹായ വിതരണവും രണ്ടുദിവസത്തിനകം പൂർത്തിയാക്കും.

ഓഖി ദുരിതാശ്വാസഫണ്ടിൽ ഒരു രൂപപോലും വഴിവിട്ട് ചെലവിട്ടില്ല.

അർഹരായ എല്ലാവർക്കും സഹായം ലഭ്യമാക്കി.

കൂടുതൽ പദ്ധതികൾ നടപ്പാക്കിവരുന്നുവെന്നും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.